(ഇ) ട്രാഫിക് വാർഡന്മാരുടെ സ്തുത്യർഹമായ സേവനം കണക്കിലെടുത്ത് ഈ വിഭാഗം ജീവനക്കാർക്ക് വ്യക്തമായ സേവന-വേതന വ്യവസ്ഥകൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, എന്നീ നഗരങ്ങളിലും കൊല്ലം, തൃശ്ശൂർ, പാലക്കാട് എന്നീ പട്ടണങ്ങളിലുമാണ് ട്രാഫിക് വാർഡന്മാർ സേവനമനുഷ്ഠിക്കുന്നത്.

(ബി) ഗതാഗത നിയന്ത്രണത്തിന് പോലീസിനെ സഹായിക്കുന്നതിനാണ് ട്രാഫിക് വാർഡന്മാരുടെ സേവനം പ്രയോജനപ്പെടുത്തിവരുന്നത്. ഇവരുടെ സേവനംമൂലം ഗതാഗത നിയന്ത്രണം സുഗമമാകുമെന്നതിനാൽ ട്രാഫിക് അപകടങ്ങൾ ഒഴിവാക്കപ്പെടുന്നുണ്ട്.

(സി)-(ഇ) ട്രാഫിക് വാർഡന്മാരെ സന്നദ്ധസേവന പ്രവർത്തനത്തിനായി വ്യത്യസ്ത സ്ഥാപനങ്ങളും സംഘടനകളും മുഖാന്തിരമാണ് പോലീസിനെ സഹായിക്കാൻ നിയോഗിച്ചുവരുന്നത്. അവരുടെ സേവന വ്യവസ്ഥകൾ നിയോഗിക്കുന്ന സംഘടനകളാണ് കൈകാര്യം ചെയ്യുന്നത്.

**ജനകീയ പോലീസ് പദ്ധതിക്ക് പുതിയ തസ്തികകൾ**

**59 (715)**ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ജനകീയ പോലീസ് പദ്ധതിയുമായി ബന്ധപ്പെട്ട പോലീസ് വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥന്മാർക്ക് പ്രത്യേക ചുമതലകൾ നൽകപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത് റാങ്കിലുള്ള ഏതേത് ഉദ്യോഗസ്ഥന്മാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) ഈ പദ്ധതിയുമായി ബന്ധപ്പെടുത്തി ഏതെങ്കിലും പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി)ജനകീയ പോലീസ് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രത്യേക ചുമതലകളൊന്നും പോലീസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടില്ല

(സി) പുതിയ തസ്തികകൾ ഒന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ല.

**ക്രൈംബ്രാഞ്ച് അന്വേഷണത്തിലിരിക്കുന്ന കേസ്സുകൾ**

**60 (716)**ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃത്താല അസംബ്ലി മണ്ഡലത്തിൽ ക്രൈംബ്രാഞ്ച് അന്വേഷണത്തിലിരിക്കുന്ന എത്ര കേസ്സുകളുണ്ട്;

(ബി) ഇവയിൽ ഏതെങ്കിലും കേസ്സുകൾ അന്വേഷണം പൂർത്തീകരിക്കാറായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly